# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജീവനക്കാര്യം - വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും നല്കി ഉത്തരവാകുന്നു-

പരാമർശം : 1. 04.03.2022, 14.03.2022 എന്നീ തീയതികളിലെ ഈ ഓഫീസിലെ E6-7823/2016/Prhq നമ്പർ ഉത്തരവുകൾ.
2. 22.02.2022 ലെ ശ്രീമതി സുമ ടി വി യുടെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ. E6-23156/2015/PrHQ; തീയതി : 24-03-2022</u>**

തിരുവനന്തപുരം വനിതാ ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി ഗ്ലാഡിസ് ജോസ്മെറ്റ്, മാനന്തവാടി ജില്ലാ ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി നിഷാമണി സി എ എന്നിവർ പരാമർശം 1 പ്രകാരം വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നേടിയതിനാൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ രണ്ട് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

ടി ഒഴിവുകളിലേക്ക് ചുവടെ ചേർക്കുന്ന രീതിയിൽ ജീവനക്കാർക്ക് സ്ഥാനക്കയറ്റം / സ്ഥലം മാറ്റം നല്കി ഉത്തരവാകുന്നു.

- തിരുവനന്തപുരം വനിതാ തുറന്ന ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി സുമ ടി വി, കുടുംബപരമായ കാരണങ്ങളാൽ ഉത്തര മേഖലയിലെ ഹോസ്ദുർഗ് ജില്ലാ ജയിലിലേക്ക് സ്ഥലം മാറ്റത്തിന് പരാമർശം 2 പ്രകാരം അപേക്ഷിച്ചിരുന്നു. എന്നാൽ ഹോസ്ദുർഗ് ജില്ലാ ജയിലിൽ ടി തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ ഇപ്പോൾ ശ്രീമതി നിഷാമണി സി എ യുടെ സ്ഥാനക്കയറ്റത്തേ തുടർന്ന് ഒഴിവ് ഉണ്ടായിട്ടുള്ള ഉത്തര മേഖലയിലെ മാനന്തവാടി ജില്ലാ ജയിലിലേക്ക് ശ്രീമതി സുമ ടി വി യെ ടിയാളുടെ അപേക്ഷ പരിഗണിച്ച് സ്ഥലം മാറ്റി നിയമിക്കുന്നു. മാനന്തവാടി ജില്ലാ ജയിലിൽ നിലവിൽ വനിതാ ലോക്കപ്പ് ഇല്ലാത്തതിനാൽ ടിയാളെ കോഴിക്കോട് ജില്ലാ ജയിലിലേക്ക് താൽകാലികമായി അറ്റാച്ച് ചെയ്തും ഉത്തരവാകുന്നു.
- വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർമാരിൽ നിലവിലെ സീനിയറായ കണ്ണൂർ വനിതാ ജയിലിലെ ശ്രീമതി സിന്ധു ഉന്നൻ കണ്ടിക്കെതിരെ അച്ചടക്ക നടപടി നിലവിലുള്ളതിനാൽ അടുത്ത സീനിയറായ തിരുവനന്തപുരം വനിതാ തുറന്ന ജയിലിലെ ശ്രീമതി ജലജാംബിക എസ് എൽ നു 41300 – 87000 രൂപ ശമ്പള സ്കെയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി തിരുവനന്തപുരം വനിതാ ജയിലിൽ ശ്രീമതി ഗ്ലാഡിസ് ജോസ്മെറ്റ് സ്ഥാനക്കയറ്റം നേടിയ ഒഴിവിൽ നിയമിക്കുന്നു.
- വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർമാരിൽ അടുത്ത സീനിയറായ കോട്ടയം ജില്ലാ ജയിലിലെ ശ്രീമതി ദിവ്യ ആർ കൃഷ്ണയ്ക്ക് 41300 – 87000 രൂപ ശമ്പള സ്കെയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി ശ്രീമതി സുമ ടി വി യുടെ സ്ഥലം മാറ്റത്തെ തുടർന്നുള്ള ഒഴിവിൽ തിരുവനന്തപുരം വനിതാ തുറന്ന ജയിലിൽ നിയമിക്കുന്നു.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരമറിയിക്കേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1. സൂപ്രണ്ട്
വനിതാ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം/ കണ്ണൂർ
2. സൂപ്രണ്ട്
വനിതാ തുറന്ന ജയിൽ, തിരുവനന്തപുരം
3. ജില്ലാ ജയിൽ
കോട്ടയം / മാനന്തവാടി / കോഴിക്കോട്

പകർപ്പ് : ജയിൽ ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, സീനിയർ എ.ഓ. പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റ്), സിഎ ടു ഡിജിപി/ഡിഐജി (HQ), പ്രിസൺസ് വെബ് സൈറ്റ്, TC 3 സീറ്റ്, ഫയൽ, കരുതൽ ഫയൽ,